പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2773 — 21.6.2012 ൽ മറുപടിയ്ക്ക്

**ഫെയർ വാല്യു നിർണ്ണയം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ഡോ.എൻ.ജയരാജ് :<br>ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.പി.സി.ജോർജ്ജ് : | ശ്രീ.അനൂപ് ജേക്കബ്ബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഫെയർ വാല്യു നിർണ്ണയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) ഉണ്ട്. ന്യായവില നിർണ്ണയിച്ചതുമായി ബന്ധപ്പെട്ടുള്ള പൊതു പരാതികൾ പരിഹരിയ്ക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ന്യായവില പുനഃസംവിധാനം ചെയ്യുന്നതിനായി, വില്ലേജ് തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലുമുള്ള കമ്മിറ്റി രൂപീകരിക്കുന്നതിന്, റവന്യു വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ, സംസ്ഥാനത്തെ ആർ.ഡി.ഒ.മാർ, രജിസ്ട്രേഷൻ ഐ.ജി., നികുതി വകുപ്പ് സെക്രട്ടറി എന്നിവരുടെ, 29-12-2011-ൽ നടന്ന യോഗത്തിൽ തീരുമാനിക്കുകയും, പ്രസ്തുത കമ്മിറ്റികൾ പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്. കൂടാതെ, ന്യായവില നിർണ്ണയിച്ചതിലെ അപാകതകൾ പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നക്കുന്നതിനായി, താഴെപ്പറയുന്ന മന്ത്രിമാരടങ്ങുന്ന മന്ത്രിസഭാ ഉപസമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br><br>ധനകാര്യ - നിയമ - ഭവന നിർമ്മാണ വകുപ്പ് മന്ത്രി.<br><br>വ്യവസായ - വിവരസാങ്കേതികവിദ്യാ വകുപ്പ് മന്ത്രി<br><br>റവന്യൂ - കയർ വകുപ്പ് മന്ത്രി |

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി - കൺവീനർ

കൂടാതെ, താലൂക്കുകളിൽ ചെന്ന് ജില്ലാ കളക്ടർമാർ പൊതുജനാഭിപ്രായം കേട്ട്, നിലവിലുള്ള ഫെയർ വാല്യു നിർണ്ണയത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മൂന്ന് മാസത്തിനുള്ളിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന്, 06-06-2012 -ൽ 1793-ാം നമ്പർ ആയി മന്ത്രിസഭാ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പിന്നെയും വ്യക്തിഗത അപ്പീലുകൾ നിലവിലുള്ള പക്ഷം, അവ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം പരിഗണിക്കുന്നതാണെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട പരാതികൾ ഏറ്റവും അധികം ഉണ്ടായിട്ടുള്ള ജില്ല ഏതാണ് ;

(ബി) എറണാകുളം

(സി) കുറ്റമറ്റ രീതിയിൽ ഫെയർ വാല്യു നിർണ്ണയിക്കുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ;

(സി) ഫീൽഡ് വെരിഫിക്കേഷന്, വില്ലേജ് തലത്തിൽ മതിയായ ജീവനക്കാരുടെ കുറവും, സമയക്കുറവും ഫെയർ വാല്യു നിർണ്ണയത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളാണ്.

(ഡി) ഫെയർ വാല്യുവുമായി ബന്ധപ്പെട്ട് കളക്ടർമാർ നൽകുന്ന നിർദ്ദേശങ്ങൾ രജിസ്ട്രാർമാർ പാലിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ